നം.ഡി1–8750/09

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ്,
കൊല്ലം, തീയതി: 18.05.2015

# കാരണം കാണിക്കൽ നോട്ടീസ്

വിഷയം: പഞ്ചായത്ത് വകുപ്പ് – ഭരണജാഗ്രത – കൊല്ലം ജില്ല – അലയമൺ ഗ്രാമപഞ്ചായത്ത് ക്ലാർക്ക് ശ്രീമതി.സി.എസ്.സീമയുടെ അനധികൃത ഹാജരില്ലായ്മ – സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നത് – കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് – സംബന്ധിച്ച്.

സൂചന:
(1) അലയമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.05.2009–ലെ എ1–546/08 നമ്പർ കത്ത്.
(2) ഈ ആഫീസിലെ 22.08.2011–ലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ.
(3) അലയമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.10.2011–ലെ എ1–4103/2011 നമ്പർ കത്ത്.
(4) ഈ ആഫീസിലെ 12.02.2015–ലെ ഇതേ നമ്പർ ഉത്തരവ്.
(5) അഞ്ചൽ പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസറുടെ 06.05.2015–ലെ ജെഎസ്3/48/2015 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

.............................

ശ്രീമതി.സി.എസ്.സീമ എന്ന താങ്കൾ കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായി സേവനം അനുഷ്ടിച്ചുവരവേ അലയമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 03/12/2008 മുതൽ 3 മാസത്തേയ്ക്ക് താങ്കൾക്ക് ശൂന്യവേതന അവധി അനുവദിച്ചു നൽകിയിരുന്നു. തുടർന്ന് 3 മാസത്തേയ്ക്ക് കൂടി ശൂന്യവേതനാവധിയ്ക്ക് അപേക്ഷ സമർപ്പിച്ചതായും ആയത് അനുവദിക്കാൻ നിർവ്വാഹമില്ലായെന്നും അവധി അപേക്ഷ നിരസിക്കുകയാണെന്നും 7 ദിവസത്തിനകം ജോലിയ്ക്ക് ഹാജരാകണമെന്നും കാണിച്ച് താങ്കൾക്ക് കത്ത് നൽകിയെങ്കിലും താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കാതെ കൃത്യനിർവ്വഹണത്തിൽ നിന്നും വിട്ടുനിന്നതായി അലയമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂചന (1) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇപ്രകാരം കൃത്യവിലോപത്തിനും അച്ചടക്കലംഘനത്തിനും ഉത്തരവാദിയായ താങ്കളെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും സൂചന (2) പ്രകാരം താങ്കൾക്കെതിരെ കുറ്റാരോപണ മെമ്മോ പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ടി കുറ്റാരോപണ മെമ്മോ താങ്കളുടെ മേൽവിലാസത്തിൽ അയച്ചു നൽകിയെങ്കിലും താങ്കൾ ഇന്ത്യയ്ക്ക് വെളിയിലായതിനാൽ മെമ്മോ കൈപ്പറ്റാതെ മടങ്ങി വന്നതായി സൂചന (3) പ്രകാരം സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

പരാമർശ വിഷയത്തിൽ കെസിഎസ്(സിസി&എ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം അനിവാര്യമാണെന്ന് കണ്ട് അപ്രകാരം അന്വേഷണം നടത്തുന്നതിന് സൂചന (4) പ്രകാരം അഞ്ചൽ പെർഫോർമൻസ് ആഡിറ്റ് യൂണിറ്റ്

സൂപ്പർവൈസർ ശ്രീ.എസ്.എസ്.ശിവപ്രസാദിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിശ്ചയിച്ച് ഉത്തരവാകുകയും ആയതിൻപ്രകാരം സൂചന (5) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ശ്രീമതി.സി.എസ്.സീമ ഇപ്പോഴും വിദേശത്തായതിനാൽ വിചാരണയ്ക്ക് ഹാജരായിട്ടില്ലെന്നും ടിയാൾ തിരികെ ജോലിയിൽ പ്രവേശിക്കാതിരുന്നത് കടുത്ത അച്ചടക്കലംഘനവും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയുമാണെന്നും താങ്കൾക്കെതിരെ 1960–ലെ കെസിഎസ്(സിസി&എ) ചട്ടങ്ങൾ പ്രകാരം ശിക്ഷാനടപടികൾ സ്വീകരിക്കാവുന്നതാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇപ്രകാരം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതുവഴി കടുത്ത അച്ചടക്കലംഘനത്തിലും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചയും വരുത്തിയ താങ്കളെ അനധികൃതമായി ഹാജരാകാതിരുന്ന തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

മേൽ പരാമർശിച്ച താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി നടപ്പാക്കാതിരിക്കാൻ കാരണം എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതും അപ്രകാരമുള്ള മറുപടി ലഭിക്കാത്തപക്ഷം താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതുമാണ്.

(ഒപ്പ്)
സി.ആർ.സുരേഷ്കുമാർ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കൊല്ലം

ശ്രീമതി.സി.എസ്.സീമ,
ക്ലാർക്ക് (സസ്പെൻഷനിൽ),
അലയമൺ ഗ്രാമപഞ്ചായത്ത്.
(സെക്രട്ടറി മുഖേന)

പകർപ്പ്: (1) സെക്രട്ടറി, അലയമൺ ഗ്രാമപഞ്ചായത്ത് (കാരണം കാണിക്കൽ നോട്ടീസിന്റെ 3 പകർപ്പുകൾ അയക്കുന്നു. അസ്സൽ സ്വീകർത്താവിന് നൽകി പകർപ്പിൽ ടിയാളുടെ തീയതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്)
(2) കരുതൽ / അധികം

//ശരിപ്പകർപ്പ് //

**അനുബന്ധം എച്ച് 5**

പഞ്ചായത്ത് വകുപ്പ്

ഒ.മീനാകുമാരി അമ്മ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
കൊല്ലം.

03.03.2009 മുതൽ അനധികൃത ഹാജരില്ലായ്മയിൽ അച്ചടക്കനടപടി നേരിടുന്ന കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്ത് ക്ലാർക്ക് ശ്രീമതി.സി.എസ്.സീമയ്ക്കെതിരെ പുറപ്പെടുവിച്ചിട്ടുള്ള കാരണം കാണിക്കൽ നോട്ടീസിന് 15 ദിവസത്തിനകം രേഖാമൂലം വിശദീകരണം നൽകേണ്ടതാണ്.

---

കൂടുതൽ വിവരങ്ങൾ http:/lsgkerala.gov.in/htm/gen.transfer 2018:ddp.php എന്ന വെബ്സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

ഒ.മീനാകുമാരി അമ്മ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
കൊല്ലം